## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7504</u>      <u>17.7.2012-ൽ മറുപടിയ്ക്ക്</u>

### <u>ഹൈടെക് ഫാമിംഗ് പദ്ധതി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഹൈടെക് ഫാമിംഗ് പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; ഈ പദ്ധതി എപ്പോൾ മുതലാണ് പ്രാബല്യത്തിൽ വരുന്നത് ; | (എ) | ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കേരളത്തിലെ ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് ഹൈ-ടെക് ഫാമിംഗ് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തുകളിൽ 400 ച.മീറ്റർ വിസ്തീർണ്ണമുള്ള മൊത്തം 2934 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പൊതുമേഖലയിൽ 21ഉം സ്വകാര്യ മേഖലയിൽ 63ഉം 500 ച.മീറ്റർ വിസ്തീർണ്ണമുള്ള പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. പാലക്കാട്, കാസർ ഗോഡ് എന്നീ ജില്ലകളിലെ 1000 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി, വാഴ തുടങ്ങിയ വിളകളുടെ സൂക്ഷ്മ കൃഷിയും പദ്ധതിയിൽ |

ലക്ഷ്യമിടുന്നു. ഈ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും.

(ബി) ഈ പദ്ധതിപ്രകാരം ആർക്കൊക്കെ എന്തൊക്കെ സാമ്പത്തിക സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത്?

(ബി) കർഷകർക്ക് 400 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു ഗ്രീൻ ഹൗസിന് മൊത്തം ചെലവ് വരുന്ന 3.74 ലക്ഷം രൂപയുടെ 75 ശതമാനമായ 2.805 ലക്ഷം രൂപ ധനസഹായം നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. 500 ച.മീറ്റർ വിസ്തീർണ്ണമുള്ള നാച്ച്യുറലി വെന്റിലേറ്റട് ഗ്രീൻ ഹൗസ് പ്രദർശന യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ മുതലായവയ്ക്ക് മൊത്തം പദ്ധതി ചെലവായ 4.675 ലക്ഷം രൂപയുടെ 75 ശതമാനമായ 3.506ലക്ഷം രൂപ ധനസഹായം നൽകുവാനും സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന പ്രദർശന യൂണിറ്റുകൾക്ക് 100 ശതമാനം ധനസഹായം നൽകുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്. പച്ചക്കറി, വാഴ തുടങ്ങിയ വിളകളുടെ തുറസ്സായ സ്ഥലത്തുള്ള സൂക്ഷ്മ കൃഷിയ്ക്കായി ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 1 ലക്ഷം രൂപയുടെ 40 ശതമാനം (40,000 രൂപ) ധനസഹായം നൽകുന്നു.

**സെക്ഷൻ ഓഫീസർ**